**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 69 — 27/04/2017-ലെ മറുപടിയ്ക്ക്

## പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ. പി. ഉണ്ണി<br>" ബി.ഡി. ദേവസ്സി<br>" യു.ആർ. പ്രദീപ് | ശ്രീ.എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും, പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| (എ) നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ എത്ര രൂപയാണ് ഒരാൾക്ക് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) പട്ടികജാതിയിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം 50,000/-രൂപയിൽ നിന്ന് 75,000/-രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ 25,000/-രൂപ സ്വർണ്ണാഭരണത്തിനും 50,000/-രൂപ മറ്റു ചെലവുകൾക്കുമാണ്. സ.ഉ (കൈ)നം. 21/17/പജപവവിവ. തീയതി 22.03.2017 പ്രകാരമാണ് ധനസഹായ തുക വർദ്ധിപ്പിച്ചത്. |
| (സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) പട്ടികജാതിയിൽപ്പെട്ടതും കുടുംബവാർഷിക വരുമാനം 50,000/-രൂപ വരെയുള്ളതുമായ പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്. മറ്റ് ഏജൻസിയിൽ നിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം. വിവാഹം ഉറപ്പിച്ചതിനു ശേഷം ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം |

തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ച എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷന്/ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വരുമാന പരിധി 50,000/-രൂപയാണ്.

(ഡി) അർഹരായവർക്ക് ഇത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ഡി) ഇതിലേയ്ക്ക് എല്ലാ വർഷവും ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ജില്ലകൾക്ക് തുക വീതിച്ച് നൽകുകയും ചെയ്യുന്നു. പ്രൊമോട്ടർമാരുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ ധനസഹായത്തിനുള്ള അപേക്ഷ ലഭ്യമാക്കി ഫീൽഡ്തല അന്വേഷണം നടത്തി അർഹത പരിശോധിച്ച് അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം അനുവദിക്കുന്നു.

**സെക്ഷൻ ഓഫീസർ**